നോൺ ബാങ്കിംഗ് സബ് ട്രഷറിയെ ബാങ്കിംഗ് സബ് ട്രഷറിയാക്കാൻ നടപടി

161 (6612) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ മെഡിക്കൽ കോളേജ് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ട്രഷറി നോൺ ബാങ്കിംഗ് സബ് ട്രഷറിയാണെന്ന കാര്യം അറിയുമോ ;

(ബി) എങ്കിൽ പ്രസ്തുതട്രഷറി ബാങ്കിംഗ് സബ്ട്രഷറി ആക്കി മാറ്റാൻ നടപടി സ്വീകരിക്കുമോയെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) തൃശ്ശൂർ മെഡിക്കൽ കോളേജ് സബ് ട്രഷറി നിലവിൽ നോൺ ബാങ്കിംഗ് ട്രഷറിയാണ്.

(ബി) പ്രസ്തുതട്രഷറിയെ ബാങ്കിംഗ് ട്രഷറിയാക്കി മാറ്റുവാനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

കണ്ണപുരത്ത് സബ് ട്രഷറി

162 (6613) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ നിലവിൽ എത്ര ജില്ലാട്രഷറികളും സബ്ട്രഷറി കളുമാണുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) സബ്ട്രഷറി അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) ധാരാളം വിദ്യാഭ്യാസ സ്ഥാപനങ്ങളും, സർക്കാർ ഓഫീസുകളും, പെൻഷൻകാരെയും ഇരിണാവിലെ കോസ്റ്റ് ഗാർഡ് അക്കാദമിയെയും പരിഗണിച്ച് കണ്ണപുരത്തെ ചെറുകുന്ന് തറയിൽ കണ്ണപുരം, ചെറുകുന്ന്, കല്ല്യാശ്ശേരി, മാട്ടൂൽ പഞ്ചായത്തുകളെ പരിധിയാക്കി ഒരു സബ്ട്രഷറി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ രണ്ട് ജില്ലാ ട്രഷറികളും (കണ്ണൂർ, മട്ടന്നൂർ), ഈ ട്രഷറികളുടെ കീഴിലായി 15 സബ് ട്രഷറികളും ഒരു പെൻഷൻ പേമെന്റ് സബ് ട്രഷറിയും (തലശ്ശേരി) നിലവിലുണ്ട്.

(ബി) സർക്കാരിന്റെ സാമ്പത്തിക ഇടപാടുകാർ, പെൻഷൻകാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായുള്ള ഇടപാടുകൾ, സർക്കാരിലേക്കുള്ള വിവിധതരം പണം ഒടുക്കലുകൾ, മുദ്രപ്പത്ര വിൽപ്പന എന്നിവയുടെ വ്യാപ്തിയാണ് പുതുതായി സബ് ട്രഷറി അനുവദിക്കുന്നതിന് നിലവിൽ സർക്കാർ സ്വീകരിച്ചു വരുന്ന മാനദണ്ഡങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly